# എടവക ഗ്രാമപഞ്ചായത്ത്

An ISO 9001:2015 Certified Gramapanchayat

എള്ളുമന്ദം പി.ഒ,മാനന്തവാടി-വയനാട് ജില്ല






# ബഡ്ജറ്റ് 2026-27



"ഗ്രാമീണ ജനതയെ സേവിക്കുന്നതിലൂടെ
ഞാൻ എന്നെതന്നെയാണ് സേവിക്കുന്നത്
ഈ സേവനത്തിലൂടെയാണ്
ഞാൻ ആത്മ സാക്ഷാത്ക്കാരം കണ്ടെത്തുന്നത്"

**ഗാന്ധിജി**

# എടവക ഗ്രാമപഞ്ചായത്ത്,ഭരണസമിതി


ഗിരിജ സുധാകരൻ
പ്രസിഡണ്ട്


മുസ്തഫ തയ്യുള്ളതിൽ
വൈസ് പ്രസിഡണ്ട്


മുഹമ്മ് ഇഖ്ബാൽ വി.കെ
സെക്രട്ടറി

സ്റ്റാൻഡിങ് കമ്മിറ്റി


സുബൈദ തോക്കൻ
ചെയർപേഴ്സൺ വികസനം


വിനോദ് തോട്ടത്തിൽ
ചെയർമാൻ ക്ഷേമകാര്യം


ലീല ബാലൻ
ചെയർപേഴ്സൺ
ആരോഗ്യവും,വിദ്യാഭ്യാസവും


വത്സ ജോസ്
മെമ്പർ വാർഡ് 1


ഗോൾഡ ഷിനോജ്
മെമ്പർ വാർഡ് 2


ജംസീറ ഷിഹാബ്
മെമ്പർ വാർഡ് 3


അസ്മില ആയങ്കി
മെമ്പർ വാർഡ് 6


ലത്തീഫ് എൻ .കെ
മെമ്പർ വാർഡ് 7


അംബുജാക്ഷി കെ.കെ
മെമ്പർ വാർഡ് 9



രമേശൻ സി.ആർ
മെമ്പർ വാർഡ് 10


ദീപ ദേവി ഒ.എം
മെമ്പർ വാർഡ് 11


ജെസ്സി വർഗീസ്
മെമ്പർ വാർഡ് 12


സെറീന വി
മെമ്പർ വാർഡ് 13


ഷിൽസൺ മാത്യു
മെമ്പർ വാർഡ് 15


മുരളീധരൻ കെ
മെമ്പർ വാർഡ് 16


വത്സൻ എം.പി
മെമ്പർ വാർഡ് 17


ഹർഷിത ബാരിക്കൽ
മെമ്പർ വാർഡ് 18


ജോർജ് പടകൂട്ടിൽ
മെമ്പർ വാർഡ് 20


എം.കെ ജയപ്രകാശ്
മെമ്പർ വാർഡ് 21

# എടവക ഗ്രാമപഞ്ചായത്ത്






# ജനകീയ ബഡ്ജറ്റ്

Budget 2026-27



# ആമുഖം

ഈ പഞ്ചായത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും സർവ്വോപരി നാടിന്റെയും വികസനവും, സ്വപ്നങ്ങളും സന്തോഷവും മുന്നിൽകണ്ടുകൊണ്ടാണ് ഈ ഭരണ സമിതിയുടെ ആദ്യ ബജറ്റ് ഇവിടെ അവതരിപ്പിക്കുന്നത്.

ജനസംഖ്യയിൽ ഭൂരിഭാഗവും കൃഷിയും അനുബന്ധ തൊഴിലും ചെയ്ത് ജീവിതവൃത്തി നടത്തുന്ന സാധാരണക്കാർ അധിവസിച്ചു പോരുന്ന പഞ്ചായത്ത് ആണ് എടവക ഗ്രാമപഞ്ചായത്ത്. 1-1-1962 നമ്മുടെ പഞ്ചായത്ത് രൂപീകൃതമായതിനു ശേഷം വികസനത്തിന്റെ ചവിട്ടുപടികൾ ഓരോന്നായി ചവിട്ടി കയറിയാണ് നാം 2026 ൽ എത്തിനിൽക്കുന്നത്. നമുക്കു മുൻപേ നടന്ന ഭരണസമിതികളുടെ അശ്രാന്ത പരിശ്രമത്തിന്റെ ഫലമായിട്ടാണ് നാം ഈ ഫലപ്രാപ്തിയിൽ എത്തിയിട്ടുള്ളത് എന്നത് പ്രത്യേകം ഓർമ്മിക്കപ്പെടേണ്ടതാണ്.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 14 കോടിയിലധികം രൂപ ചിലവഴിച്ച് സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനത്തിനുള്ള മഹാത്മ പുരസ്കാരത്തിന്റെ നിറവിലാണ് ഈ ബജറ്റ് അവതരിപ്പിക്കുന്നത് എന്നത് ശ്രദ്ധേയമാണ്. പുതുതലമുറയുടെയും മറ്റ് അടിസ്ഥാന ജനവിഭാഗങ്ങളുടെയും, ആദിവാസി ജനസമൂഹത്തിന്റെയും, നാടിന്റെയും ആവശ്യങ്ങളും, വികസന സ്വപ്നങ്ങളും കണ്ടറിഞ്ഞ് എല്ലാ മേഖലയിലും സമഗ്ര വികസനം എന്ന കാഴ്ചപ്പാടോടുകൂടിയ പദ്ധതികളാണ് ഈ ബജറ്റിലൂടെ മുന്നോട്ടുവയ്ക്കുന്നത്.

കാർഷികം,മൃഗസംരക്ഷണം,സേവന മേഖല, ആരോഗ്യം, വിദ്യാഭ്യാസം, സാമ്പത്തിക വികസനം പാലിയേറ്റീവ് പരിചരണം, വനിതകളുടെയും, കുട്ടികളുടെയും, വയോജനങ്ങളുടെയും,യുവജനങ്ങളുടേയും ക്ഷേമത്തിനായി കൂടുതൽ തുക വകയിരുത്തുകയും മികച്ച പദ്ധതികൾ നിർദ്ദേശിക്കുകയും ചെയ്യുന്നു. ഉൽപ്പാദന മേഖലയിലെ വിവിധ പദ്ധതികളിലൂടെ വലിയ പുരോഗതിയാണ് ബജറ്റ് ലക്ഷ്യം വെക്കുന്നത്. ഭരണ നിർവഹണ രംഗത്ത് നാം നിലനിർത്തിപ്പോരുന്ന സത്യസന്ധതയും സേവന പ്രവർത്തന ഗുണനിലവാരം കാത്തുസൂക്ഷിക്കലും മികച്ച പുരോഗതി കൈവരിക്കുകയും ചെയ്തതിലൂടെ ഐ എസ് ഒ 9001 സർട്ടിഫിക്കേഷൻ നേടുന്നതിനും അത് നിലനിർത്തി പോകുന്നതിനും നമുക്ക് സാധിച്ചിട്ടുണ്ട് എന്നത് അഭിമാനകരമാണ്.

ആരോഗ്യ വിദ്യാഭ്യാസ മേഖലകളിലും നാം മികച്ച മുന്നേറ്റമാണ് നടത്തിയിട്ടുള്ളത്. ലൈഫ് ഭവന പദ്ധതിയിലൂടെ ഗുണഭോക്താക്കളായ മുഴുവൻ പേർക്കും വീട് അനുവദിക്കുന്നതിനും ഫണ്ട് വകയിരുത്തിയിട്ടുണ്ട്. പട്ടികജാതി,പട്ടികവർഗ ഉന്നതികളുടെ വികസന പദ്ധതികളും ബജറ്റിലൂടെ ലക്ഷ്യം വെക്കുന്നു. BMBC നിലവാരത്തിൽ പശ്ചാത്തല മേഖലയെ ഉയർത്താനായി തുക വകയിരുത്തുന്നു. 2026-27 ലഭ്യമാകുന്ന വികസന ഫണ്ടിന്റെ ഭൂരിഭാഗവും അനിവാര്യ പദ്ധതികൾക്കും ലൈഫ് ഭവന പദ്ധതികൾക്കും നീക്കിവെച്ചിട്ടുണ്ട്.

തനത് ഫണ്ടിന്റെ പരമാവധി സമാഹരണവും മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പോലുള്ള കേന്ദ്രവിഷ്കൃത ഫണ്ടുകളുടെ കാര്യക്ഷമമായ വിനിയോഗവും ഉപയോഗപ്പെടുത്തി സമഗ്ര മേഖലയിലും പുരോഗതി കൈവരിക്കുമെന്ന് ബജറ്റ് വിഭാവനം ചെയ്യുന്നു. നമ്മുടെ പഞ്ചായത്തിന്റെ സർവ്വതോന്മുഖമായ വികസനത്തിന് ആക്കം കൂട്ടുന്ന പദ്ധതികളും പരിപാടികളും നിർദ്ദേശിക്കുന്ന ഈ ജനകീയ ബഡ്ജറ്റ് തയ്യാറാക്കുന്നതിന് വേണ്ടി പ്രവർത്തിച്ച വൈസ് പ്രസിഡണ്ട് ശ്രീ മുസ്തഫ തയുള്ളതിൽ, ഭരണസമിതി അംഗങ്ങൾ, ആസൂത്രണസമിതി അംഗങ്ങൾക്കും,വർക്കിംഗ് കമ്മറ്റി അംഗങ്ങൾക്കും,സ്റ്റാഫ് അംഗങ്ങൾ എല്ലാവർക്കും അഭിനന്ദനങ്ങൾ!!

*സ്നേഹപൂർവ്വം*

**ഗിരിജ സുധാകരൻ**

പ്രസിഡന്റ് എടവക ഗ്രാമപഞ്ചായത്ത്



# എടവക ഗ്രാമപഞ്ചായത്ത് ബഡ്ജറ്റ് 2026-2027

അവതരണം:
**മുസ്തഫ തയ്യുള്ളതിൽ**
(വൈസ് പ്രസിഡന്റ് എടവക ഗ്രാമപഞ്ചായത്ത് )

എടവക ഗ്രാമപഞ്ചായത്തിലെ 2026-27 വർഷത്തേക്കുള്ള
ബഡ്ജറ്റും, ഈ ഭരണസമിതിയുടെ ആദ്യ ബഡ്ജറ്റും
കൂടിയാണ് ഞാനിവിടെ അവതരിപ്പിക്കുന്നത്. അടുത്ത
വാർഷിക പദ്ധതി എത്രയും പെട്ടെന്ന് അംഗീകാരം
നേടണമെന്ന സർക്കാർ നിർദ്ദേശം കൂടി കണക്കിലെ
ടുത്താണ് ഈ ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

നാടിന്റെ വികസന സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ മികച്ച ഒരു ബഡ്ജറ്റ് അനി
വാര്യമാണ്. എടവക എന്ന ഗ്രാമത്തിന്റെ വികസന ചരിത്രം രചിക്കണമെങ്കിൽ പഴമ
ക്കാരുടെ ഓർമ്മകളിൽ ഒളിമങ്ങാതെ കിടക്കുന്ന തെളിമയുള്ള ഒരു പാരമ്പര്യം
ഈ ഗ്രാമത്തിന് ഉണ്ടെന്ന കാര്യം ഓർക്കട്ടെ... വീര പഴശ്ശിയുടെയും, മറ്റു ധീര ദേശാഭി
മാനികളുടെയും കാലടി പതിഞ്ഞ ഈ മണ്ണിന്റെ തനത് സംസ്കാരം നിധി പോലെ
കാത്തു സൂക്ഷിച്ചു പോരുന്ന ഗോത്ര വിഭാഗ ജനതയുടെയും, കുടിയേറ്റ കർഷക
രുടെയും ചോരയുടെയും വിയർപ്പിന്റെയും ഗന്ധമുണ്ട്.

ശ്രീ പി കുഞ്ഞിരാമൻ നായരുടെ നേതൃത്വത്തിൽ നിലവിൽ വന്ന 1962 ലെ പ്രഥമ
ഭരണസമിതി മുതൽ 2026 ൽ നിലവിൽ വന്ന പ്രസിഡണ്ട് ശ്രീ ഗിരിജാ സുധാകരന്റെ
നേതൃത്വത്തിലുള്ള ഭരണസമിതി വരെ ഈ പഞ്ചായത്തിന്റെയും നാടിന്റെയും വിക
സന പ്രവർത്തനങ്ങളിൽ നിർണായക പങ്ക് വഹിച്ചു വരുന്നു. മുൻകാലങ്ങളിൽ ഈ
പഞ്ചായത്തിന്റെ വികസനങ്ങളിൽ പങ്കാളികളും, വഴികാട്ടികളുമായ മഹത് വ്യക്തി
കളെ നന്ദിയോടെ സ്മരിക്കുകയും അവർ തെളിയിച്ച വഴികളിലൂടെ സഞ്ചരിക്കു
വാൻ അവസരം ലഭിച്ചതിൽ അഭിമാനിക്കുകയും ചെയ്യുന്നു.

എടവക ഗ്രാമപഞ്ചായത്തിന്റെ 2026-27 വാർഷിക ബജറ്റ് ഏറെ ശ്രദ്ധയോടും വിക
സന കാഴ്ചപ്പാടോടും കൂടിയാണ് തയ്യാറാക്കിയിട്ടുള്ളത്. ഈ ബജറ്റിന്റെ അണിയറ
പ്രവർത്തനങ്ങൾക്ക് വിവിധ രീതിയിൽ സഹായിച്ച ഭരണസമിതി അംഗങ്ങൾക്കും
ആസൂത്രണസമിതി അംഗങ്ങൾക്കും,വർക്കിംഗ് കമ്മറ്റി അംഗങ്ങൾക്കും, വിവിധ വിഷയ
വിദഗ്ധർക്കും, സ്ഥാപനമേധാപികൾക്കും,പഞ്ചായത്തിലെ ഉദ്യോഗസ്ഥർക്കും, ജീവന
ക്കാർക്കും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി അറിയിക്കട്ടെ.

2026-27 വാർഷിക ബജറ്റിന്റെ നയ സമീപനവും പ്രധാന പദ്ധതികളും, വരവുകളും
ചെലവുകളും ഞാൻ നിങ്ങൾക്ക് മുൻപാകെ അവതരിപ്പിക്കുകയാണ്. കുന്നോളം
ആവശ്യങ്ങളും കുന്നിക്കുരുവോളം വിഭവങ്ങളും ഉള്ള ഈ സാഹചര്യത്തിൽ നിന്നാ
ണ് ബജറ്റ് തയ്യാറാക്കിയതെങ്കിലും എല്ലാ മേഖലകൾക്കും ലഭ്യമായ തുക വകയിരു
ത്തി സമതുലിതമായ ബഡ്ജറ്റാക്കാൻ ശ്രമിച്ചിട്ടുണ്ട്.



## കൃതജ്ഞത

മികവാർന്ന പ്രവർത്തന പാരമ്പര്യമുള്ള എടവക ഗ്രാമപഞ്ചായത്ത് 2026-27 സാമ്പത്തിക വർഷത്തിലും ലഭ്യമാകുന്ന മുഴുവൻ ഫണ്ടുകളും. സാഹചര്യങ്ങളും സർക്കാരിന്റെ സമയാസമയങ്ങളിലുള്ള ഉത്തരവുകൾക്കനുസൃതമായി വിനിയോഗിച്ച്, ആയതിലൂടെ സാമ്പത്തിക, സാമൂഹിക, സുസ്ഥിര വികസനം നേടുന്നതിനുള്ള യാത്രയിലാണ്. മുൻകാലങ്ങളിൽ ഭരണ നിർവ്വഹണം നടത്തിയ മഹത് വ്യക്തിത്വങ്ങളിലൂടെ.. ഇന്നിന്റെ മഹത് വ്യക്തിത്വങ്ങളിലേക്കെത്തി ചേർന്ന ഉത്തരവാദിത്തങ്ങൾ സമൂഹത്തിന് വേണ്ടി കൃത്യമായി നടപ്പിലാക്കുന്നതിന് ഭരണകൂടത്തിനും, ജീവനക്കാർക്കും കഴിയുന്നതിനും, ബജറ്റ് വിഭാവനം ചെയ്യുന്ന ലക്ഷ്യങ്ങളിൽ എത്തിച്ചേരാൻ കഴിയുകയും ചെയ്യട്ടെ എന്ന് പ്രത്യാശിക്കുന്നു. ഒപ്പം ബഡ്ജറ്റ് തയ്യാറാക്കുന്നതിനായി പ്രവർത്തിച്ച ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്കും, ഭരണ സമിതിക്കും ജീവനക്കാർക്കും നന്ദിയറിക്കുന്നു.

27/02/2026 — അസീസ് എ.കെ

പള്ളിക്കൽ — (സെക്രട്ടറി ഇൻ ചാർജ് എടവക ഗ്രാമപഞ്ചായത്ത്)